REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 26-08-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ഇന്ന് തിരുവോണം. നല്ലകാലത്തിന്റെ ഓർമ്മപുതുക്കി ലോകമെങ്ങും മലയാളികൾ ഓണാഘോഷത്തിൽ.**
- **രാഷ്ട്രപതി ദ്രൗപദി മുർമു, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി VD സതീശൻ, തുടങ്ങിയവർ ഓണാശംസ നേർന്നു.**
- **അടിസ്ഥാന സൗകര്യ സേവനങ്ങൾക്കായി പൊതു യൂട്ടിലിറ്റി ഇടനാഴികൾ ഒരുക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **രാജ്യം ആഭ്യന്തര സുരക്ഷ കൂടുതൽ ശക്തമാക്കേണ്ടതുണ്ടെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ.**
- **ഓണക്കാലത്തെ പൂഴ്ത്തിവെപ്പും വിലവർധനയും തടയാൻ സംസ്ഥാന ഗവൺമെന്റിന് സാധിച്ചതായി മന്ത്രി T സിദ്ദീഖ്**
- **ഇന്ത്യ-ശ്രീലങ്ക രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്റെ നാലാം ദിനം ഇന്ന് കളി പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

ഇന്ന് തിരുവോണം. കള്ളവും ചതിയുമില്ലാത്ത, മാലോകരെല്ലാം ഒന്നുപോലെ വസിച്ചിരുന്ന നല്ലകാലത്തിന്റെ ഓർമ്മപുതുക്കി ലോകമെങ്ങും മലയാളികൾ ഓണാഘോഷത്തിലാണ്.

പൂക്കളങ്ങളിലെ നിറവൈവിധ്യംപോലെ ഒരുമയുടെ നിറച്ചാർത്തുമായി വീണ്ടുമൊരു തിരുവോണമെത്തുമ്പോൾ സ്നേഹ സൗഹാർദ്ദങ്ങളുടെ വിളനിലമായി മാറുകയാണ് നാടെങ്ങുമുള്ള ഓണാഘോഷം.

(വോയ്സ്....)

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു ഓണാശംസകൾ നേർന്നു. പുതിയ വിളവെടുപ്പ് കാലത്തിന്റെ വരവിൽ പ്രകൃതിയോട് നന്ദി പ്രകടിപ്പിക്കാനുള്ള അവസരമാണ് ഓണമെന്ന് രാഷ്ട്രപതി തന്റെ സന്ദേശത്തിൽ പറഞ്ഞു.

സമ്പന്നമായ സംസ്കാരത്തെയും സാഹോദര്യ മനോഭാവത്തെയും ആഘോഷിക്കുന്ന ഓണം, നാനാത്വത്തിൽ ഏകത്വം പ്രോത്സാഹിപ്പിക്കുന്നുവെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു. ഓണം എല്ലാവർക്കും സന്തോഷവും സമാധാനവും ആരോഗ്യവും സമൃദ്ധിയും നൽകുമെന്നും, രാജ്യത്തിന്റെ പുരോഗതിക്കായി സംഭാവന നൽകാൻ പൗരന്മാർക്ക് പ്രചോദനമാകുമെന്നും രാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി VD സതീശൻ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ തുടങ്ങിയവരും മലയാളികൾക്ക് ഓണാശംസ നേർന്നു.

✪✪✪

ആചാരത്തനിമയിൽ തിരുവോണനാളിൽ സദ്യ വിഭവങ്ങളുമായി തിരുവോണത്തോണി പുലർച്ചെ ആറന്മുള ക്ഷേത്രത്തിലെ മധുക്കടവിലെത്തി. മങ്ങാട്ട് അനൂപ് ഭട്ടതിരിയെയും 18 നായർ തറവാട്ടിലെ അംഗങ്ങളെയും വഞ്ചിപ്പാട്ടുപാടി ചടങ്ങുകളോടെ സ്വീകരിച്ചു. മഴ ശക്തമായിട്ടും നല്ല തിരക്കാണ് ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ അനുഭവപ്പെടുന്നത്.

പത്തനംതിട്ടയിൽ നിന്ന് ശ്രിജി എസ് ശ്രീധർ

...........വോയ്സ്.......

ഓണവിഭവങ്ങൾക്കൊപ്പം കാട്ടൂർ മഹാവിഷ്ണു ക്ഷേത്രത്തിൽ നിന്ന് പകർന്ന ദീപം ആറന്മുള പാർഥസാരഥി ക്ഷേത്രത്തിലെ മേൽശാന്തിക്ക് നൽകി ശ്രീകോവിനുള്ളിലെ കെടാവിളലേക്ക് പകർന്നതോടെ തിരുവോണ സദ്യക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. മങ്ങാട്ട് ഭട്ടതിരിക്കൊപ്പം ഓണം ഉണ്ണാൻ ഭഗവാൻ പാർഥസാരഥിയായ കൃഷ്ണനെത്തുമെന്നാണ് വിശ്വാസം. ഓണസദ്യയും കഴിഞ്ഞ് അത്താഴ പൂജയ്ക്ക് ശേഷം ക്ഷേത്രപൂജാരിയിൽ നിന്ന് പണക്കിഴി ഏറ്റുവാങ്ങി ക്ഷേത്ര ഭണ്ഡാരത്തിൽ നിക്ഷേപിച്ച് മങ്ങാട്ട് ഭട്ടതിരി

മടങ്ങുന്നതോടെയാണ് ഈ ചടങ്ങ് അവസാനിക്കുന്നത്. ആറന്മുള ഭഗവാന്റെ കൃപയാലാണ് തങ്ങളുടെ സന്തതി പരമ്പര തുടരുന്നതെന്ന വിശ്വാസത്തിൽ മങ്ങാട്ട് ഭട്ടതിരി തിരുവോണത്തോണിയിൽ ഓണ വിഭവങ്ങളുമായി എത്തുന്നതെന്നാണ് ഐതീഹ്യം. ഒരിക്കൽ തിരുവോണത്തോണിയിൽ ആറൻമുളയിലേക്ക് യാത്ര തിരിച്ച ഭട്ടതിരിയെ വഴിയിൽ കൊള്ളക്കാർ ആക്രമിക്കുകയും കരക്കാർ വള്ളങ്ങളിലെത്തി ഭട്ടതിരിയ്ക്കും തിരുവോണത്തോണിയ്ക്കും സംരക്ഷണം നല്കിയെന്നും ഇവ ആറൻമുള പള്ളിയോടങ്ങളായി മാറിയെന്നാണ് ഐതീഹ്യം.

✪✪✪

ഓണത്തിന് ഉത്തര കേരളത്തിന്റെ വേറിട്ട കാഴ്ച്ചകളിൽ ഒന്നാണ് ഓണേശ്വരൻ. ഗ്രാമീണ ഭവനങ്ങൾ സന്ദർശിച്ച് അനുഗ്രഹങ്ങൾ ചൊരിയുന്ന ഓണേശ്വരൻ ഓണദിനത്തിലെ പതിവുകളിലൊന്നാണ്. മൂന്ന് പതിറ്റാണ്ടോളമായി കോഴിക്കോട് ഉള്ളിയേരി ഒള്ളൂർ സ്വദേശി രജീഷ് പണിക്കർക്ക് ഓണക്കാലമായാൽ ഓണേശ്വരൻമാർക്ക് കിരീടം ചമയ്ക്കുന്ന തിരക്കാണ്.

കോഴിക്കോട്ടുനിന്ന് AC നസീർബാബു തയ്യാറാക്കിയ റിപ്പോർട്ട്.

------------- (വോയ്സ്) -------------

✪✪✪

പ്രധാന ഗതാഗത, അടിസ്ഥാന സൗകര്യ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ, അടിസ്ഥാന സൗകര്യ സേവനങ്ങൾക്കായി പൊതു യൂട്ടിലിറ്റി ഇടനാഴികൾ ഒരുക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. സേവാ തീർത്ഥത്തിൽ 53-ാമത് പ്രഗതി യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു പ്രധാനമന്ത്രി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ....

(വോയ്സ്...)

സാങ്കേതികവും സാമ്പത്തികവുമായ സാധ്യത കണക്കിലെടുത്ത്, ആസൂത്രണ ഘട്ടത്തിൽ തന്നെ പൊതു യൂട്ടിലിറ്റി ഇടനാഴികളൊരുക്കുന്നതിന് സംയോജിത സമീപനങ്ങൾ പരിശോധിക്കാൻ മന്ത്രാലയങ്ങളോടും സംസ്ഥാനങ്ങളോടും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

നിർവഹണ വേഗവും, വിട്ടുവീഴ്ചയില്ലാത്ത ഗുണനിലവാരവും ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗവും ഉറപ്പ് വരുത്തണമെന്നും പ്രധാനമന്ത്രി

വിവിധ മന്ത്രാലയങ്ങളോടും സംസ്ഥാനങ്ങളോടും നിർവഹണ ഏജൻസികളോടും ആവശ്യപ്പെട്ടു.

ഒമ്പത് സംസ്ഥാനങ്ങളിലെ 30,000 കോടി രൂപയിലധികം ചെലവ് വരുന്ന റെയിൽവേ, റോഡ്, വൈദ്യുതി മേഖലകളിലെ ആറ് പ്രധാന അടിസ്ഥാന സൗകര്യ പദ്ധതികൾ യോഗത്തിൽ പ്രധാനമന്ത്രി അവലോകനം ചെയ്തു. അടിസ്ഥാന സൗകര്യ പദ്ധതികളിലെ കാലതാമസം ചെലവ് വർധനയ്ക്കപ്പുറം മറ്റ് അനന്തരഫലങ്ങളുമുണ്ടാക്കുമെന്ന് പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു. പദ്ധതി നിർവ്വഹണത്തിന്റെ എല്ലാ തലങ്ങളിലും കൂടുതൽ ഉത്തരവാദിത്തത്തോടെ മന്ത്രാലയങ്ങളും സംസ്ഥാന ഗവണ്മെന്റുകളും സംയുക്തമായി മുൻകൈയെടുക്കുന്ന പ്രവർത്തന സംസ്കാരം വളർത്തിയെടുക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

സർവ മേഖലകളിലും മുൻനിരയിലെത്താൻ ഇന്ത്യ ആഭ്യന്തര സുരക്ഷ കൂടുതൽ ശക്തമാക്കേണ്ടതുണ്ടെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ പറഞ്ഞു. ന്യൂഡൽഹിയിൽ 'നാഷണൽ സെക്യൂരിറ്റി സ്ട്രാറ്റജീസ് കോൺഫറൻസി'ന്റെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

2047-ഓടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിൽ മുന്നേറുന്ന ഇന്ത്യയുടെ അടിസ്ഥാന മുൻഗണന ശക്തമായ ആഭ്യന്തര സുരക്ഷയാണെന്ന് അമിത്ഷാ പറഞ്ഞു.

✪✪✪

ആഗോള ഊർജ രംഗത്ത് ഇന്ത്യ കേവലം പങ്കാളി മാത്രമല്ലെന്നും മേഖലയെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്ന രാജ്യമാണെന്നും കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി പറഞ്ഞു. ഇന്ത്യൻ ഫോറിൻ സർവീസിലെ ഉന്നത ഉദ്യോഗസ്ഥരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ ലോകത്തെ മൂന്നാമത് വലിയ എണ്ണ ശുദ്ധീകരണ രാജ്യവും നാലാമത്തെ വലിയ LNG ഇറക്കുമതി രാജ്യവുമാണെന്ന് മന്ത്രി പറഞ്ഞു.

2047-ഓടെ രാജ്യത്തെ ഊർജ്ജ ആവശ്യകത രണ്ടര മടങ്ങ് വർധിക്കുമെന്നും, ആഗോളതലത്തിലെ അധിക ഊർജ്ജ ആവശ്യകതയുടെ 25 ശതമാനവും ഇന്ത്യയിൽ നിന്നായിരിക്കുമെന്നും കേന്ദ്രമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ നടപ്പാക്കിയ പരിഷ്കാരങ്ങൾ രാജ്യത്തിന്റെ ആഭ്യന്തര ശേഷി വർധിപ്പിക്കുകയും മാറ്റം വേഗത്തിലാക്കുകയും ചെയ്തതായി അദ്ദേഹം വ്യക്തമാക്കി.

✪✪✪

കാർഷിക വിദ്യാഭ്യാസത്തിൽ നിർമിത ബുദ്ധി ഉൾപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ന്യൂഡൽഹിയിൽ വൈസ് ചാൻസലർമാരുടെയും ഐസിഎആർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർമാരുടെയും സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാർഷിക പരിപാടികളിൽ വിദ്യാർത്ഥികളെ പരിശീലിപ്പിക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

✪✪✪

ഓണക്കാലത്തെ പൂഴ്ത്തിവെപ്പും വിലവർധനയും തടയാൻ ഗവൺമെന്റിന് സാധിച്ചതായി മന്ത്രി T സിദ്ദീഖ് പറഞ്ഞു. കോഴിക്കോട് ഭട്ട് റോഡ് ബീച്ചിൽ ഓണാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സാധാരണക്കാരായ എല്ലാവർക്കും പെൻഷനും ബോണസും ഉൾപ്പെടെ നൽകി മാർക്കറ്റിൽ ധനലഭ്യത വന്നതോടെ ഇത്തവണ എല്ലാവർക്കും സന്തോഷത്തോടെ ഓണം ആഘോഷിക്കാൻ അവസരം ലഭിച്ചതായും മന്ത്രി പറഞ്ഞു.

✪✪✪

കേരളത്തിന്റെ സംസ്കാരവും ജീവിതരീതികളും കലാരൂപങ്ങളും നേരിട്ടറിയാൻ അവസരമൊരുക്കുന്ന എക്സ്പീരിയൻഷ്യൽ ടൂറിസത്തിന് കൂടുതൽ പ്രാധാന്യം നൽകുമെന്ന് മന്ത്രി പിസി വിഷ്ണുനാഥ് പറഞ്ഞു. ഓണാഘോഷ പരിപാടികളുടെ കൊല്ലം ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

തദ്ദേശീയ ജീവിതവുമായി സഞ്ചാരികളെ കൂടുതൽ അടുപ്പിക്കുന്ന ടൂറിസം പദ്ധതികൾക്ക് ഗവൺമെന്റ് പൂർണ പിന്തുണ നൽകുമെന്നും പുലികളി മത്സരത്തിൽ പങ്കെടുക്കുന്ന സംഘങ്ങളുടെ ധനസഹായം ഒരു ലക്ഷം രൂപയായി വർധിപ്പിച്ചതായും മന്ത്രി പറഞ്ഞു.

✪✪✪

ഇന്ത്യ-ശ്രീലങ്ക രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്റെ നാലാം ദിനം ഇന്ന് കളി പുനരാരംഭിക്കും. ഇന്നലെ മൂന്നാം ദിനം കളി നിർത്തുമ്പോൾ ശ്രീലങ്ക 8 വിക്കറ്റിന് 265 റൺസ് എന്ന നിലയിലാണ്. 2 വിക്കറ്റിന് 8 റൺസെന്ന നിലയിൽ ഇന്നലെ രാവിലെ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിച്ച ശ്രീലങ്കയ്ക്കായി സൂര്യബണ്ഡാരയും ദിനൂഷയും അർദ്ധ സെഞ്ചുറി നേടി. ഇന്ത്യയ്ക്കായി

ബൗളിങ്ങിൽ തിളങ്ങിയ മാനവ് സുതാറും പ്രസിദ്ധ് കൃഷ്ണയും 3 വിക്കറ്റ് വീതം വീഴ്ത്തി.

✪✪✪

കേരള ക്രിക്കറ്റ് ലീഗിൽ തൃശൂർ ടൈറ്റൻസ്, ട്രിവാൺഡ്രം റോയൽസിനെ പരാജയപ്പെടുത്തി. 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 181 റൺസെടുത്ത ട്രിവാൺഡ്രം റോയൽസിനെതിരെ 19.4 ഓവറിൽ തൃശൂർ ടൈറ്റൻസ് 9 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. തൃശൂരിന്റെ മുഹമ്മദ് ഇനാനാണ് പ്ലെയർ ഓഫ് ദി മാച്ച്.

✪✪✪

ദേശീയപാതയിൽ നിർമ്മാണം നടക്കുന്ന കണ്ണൂർ എളയാവൂരിൽ മണ്ണിടിച്ചിലുണ്ടായത് നിർമ്മാണത്തിലെ അപാകത മൂലമാണെന്ന് ടി. ഒ. മോഹനൻ MLA ആരോപിച്ചു. നേരത്തെ തന്നെ പരാതി ഉയർന്നതാണെങ്കിലും പരിഹരിക്കാൻ തയ്യാറാകാത്തതാണ് അപകടത്തിന് കാരണമെന്നും അദ്ദേഹം പറഞ്ഞു. മന്ത്രി സണ്ണി ജോസഫ്, ജില്ലാ കളക്ടർ പി. വിഷ്ണുരാജ് എന്നിവരും അപകടസ്ഥലം സന്ദർശിച്ചു.

✪✪✪

ശിവഗിരിയിൽ ഗുരുദേവ ജയന്തി ആഘോഷം വെള്ളിയാഴ്ച നടത്തും. സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്യും. രാവിലെ 7ന് ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സച്ചിദാനന്ദ സ്വാമി ധർമ്മപതാക ഉയർത്തും.

✪✪✪

കോഴിക്കോട് ജില്ലാതല ഓണാഘോഷത്തിന്റെ ഭാഗമായി തിരുവോണദിനമായ ഇന്ന് ബീച്ച് ഫ്രീഡം സ്ക്വയർ ഓപ്പൺ സ്റ്റേജിൽ നരേഷ് അയ്യർ, സുനിൽകുമാർ എന്നിവരുടെ സംഗീത പരിപാടി, ധ്വനിതരംഗ് കൊച്ചിയുടെ ഡാൻസ് മാനിയ എന്നിവ അരങ്ങേറും. ഭട്ട് റോഡ് ബീച്ചിൽ എം സ്വാതികയുടെ കുച്ചിപ്പുടി, മുഹമ്മദ് അസ്‌ലമിന്റെ ബോളിവുഡ് ഹിറ്റ്സ് എന്നിവയാണ് ഇന്നത്തെ പരിപാടികൾ. ടൗൺഹാളിലെ വേദിയിൽ നാടകോത്സവത്തിന്റെ ഭാഗമായി കോഴിക്കോട് രംഗഭാഷയുടെ നാടകം 'ഒരുക്കം' അരങ്ങിലെത്തും. മാനാഞ്ചിറ മൈതാനത്ത് വൈകീട്ട് അഞ്ച് മണിമുതൽ യോഗാപ്രദർശനം, മെഗാ തിരുവാതിര, പാവനാടകം, തുടികൊട്ടും പാട്ട്, ദഫ്മുട്ട്, ഡ്രംസ് ഡിയോ, കുറ്റിച്ചിറയിലെ വേദിയിൽ റാസ ആൻഡ് ടീമിന്റെ ഗസൽ, തളിയിൽ അജിത്ത് സുബ്രഹ്മണ്യന്റെ ഹിന്ദുസ്ഥാനി സംഗീതം, സീത ശശിധരന്റെ ഭരതനാട്യം എന്നിവ അരങ്ങിലെത്തും.

✪✪✪

മലങ്കര സഭയുടെ നാല് മെത്രാപ്പോലീത്താമാരെ തിരഞ്ഞെടുക്കുന്നതിന് ചേരുന്ന മലങ്കര അസോസിയേഷന് മുന്നോടിയായി നസ്രാണി പള്ളിയോഗത്തിന് വെട്ടിക്കലിൽ കൊടിയേറി. മലങ്കരസഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ കൊടിയേറ്റി.

നാളെ രാവിലെ മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിലാണ് വിശുദ്ധ കുർബാന. ഉച്ചയ്ക്ക് ഒരു മണിയ്ക്ക് യോഗ നടപടികൾ ആരംഭിക്കും. തുടർന്നാണ് തെരഞ്ഞെടുപ്പ്.

✪✪✪

*News Editor എ വി ഫർദിസ്*
*News Reader: സിയാബ്*
*News Team: അബ്ദുൾ കബീർ, ഹബീബ് റഹ്മാൻ*
*DEO : സി കെ സുബോധ്*